# CAREER Updates
# പത്രവൃത്താന്തം

**09.08.2024 (വെള്ളി)**




⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം

✔ നീരജ് ചോപ്ര

- ഫൈനലിൽ 89.45 മീറ്റർ ദൂരം കണ്ടെത്തിയാണ് നീരജ് ചോപ്ര വെള്ളി മെഡൽ നേടിയത്. ഒളിമ്പിക് റെക്കോർഡോടെ (92.97 മീറ്റർ) പാകിസ്ഥാൻ താരം അർഷാദ് നദീം ആണ് പാരീസ് ഒളിമ്പിക്സിൽ ജാവലിൻ ത്രോയിൽ സ്വർണ്ണം നേടിയത്.
- അത്‌ലറ്റിക്സിൽ തുടർച്ചയായി രണ്ട് ഒളിമ്പിക്സുകളിൽ വ്യക്തിഗത മെഡൽ നേടുന്ന ആദ്യത്തെ ഇന്ത്യൻ താരമാണ് നീരജ് ചോപ്ര. 2020-ലെ ടോക്കിയോ ഒളിമ്പിക്സിൽ നീരജ് സ്വർണ്ണം നേടിയിരുന്നു.
- സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ തുടരെ രണ്ട് ഒളിമ്പിക്സുകളിൽ മെഡൽ നേടുന്ന മൂന്നാമത്തെ താരമാണ് നീരജ് ചോപ്ര. ഗുസ്തി താരം സുശീൽ കുമാർ, ബാഡ്മിന്റൺ താരം പി.വി. സിന്ധു എന്നിവരാണ് മറ്റ് രണ്ടുപേർ.

⇨ 2024 ആഗസ്റ്റിൽ കേരള വിജിലൻസ് ഡയറക്ടറായി നിയമിതനായത്

✔ യോഗേഷ് ഗുപ്ത

- സംസ്ഥാന ഗതാഗത കമ്മിഷണറായി എ. അക്ബറും ബിവറേജസ് കോർപ്പറേഷൻ എം.ഡി. ആയി ഹർഷിത അട്ടെല്ലൂരിയും നിയമിക്കപ്പെട്ടു.

⇨ വഖഫ് ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ട തീയതി

✔ ആഗസ്റ്റ് 8, 2024

- കേന്ദ്രമന്ത്രി കിരൺ റിജിജു ആണ് വഖഫ് ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്.

⇨ 2024 ആഗസ്റ്റിൽ പൂനെ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ഡയറക്ടറായി നിയമിതനായത്

✔ ധീരജ് സിങ്

⇨ 2024 ആഗസ്റ്റിൽ അന്തരിച്ച മുൻ ബംഗാൾ മുഖ്യമന്ത്രി

✔ ബുദ്ധദേവ് ഭട്ടാചാര്യ

- 3 തവണ ബംഗാൾ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബുദ്ധദേവ് ഭട്ടാചാര്യ 2000-ലാണ് ആദ്യമായി മുഖ്യമന്ത്രി പദവിയിലെത്തിയത്.

⇨ 2024-ലെ പാരീസ് ഒളിമ്പിക്സിൽ അക്രഡിറ്റേഷൻ കാർഡ് ദുരുപയോഗം ചെയ്തതിനെ തുടർന്ന് അയോഗ്യയാക്കപ്പെട്ട ഇന്ത്യൻ വനിതാ ഗുസ്തി താരം

✔ ആന്റിം പംഗൽ

⇨ 2024 ആഗസ്റ്റിൽ അന്താരാഷ്ട്ര ഗുസ്തിയിൽ നിന്നും വിരമിച്ച ഇന്ത്യൻ വനിതാ താരം

✔ വിനേഷ് ഫോഗട്ട്

⇨ 2024 ആഗസ്റ്റിൽ ദേശീയ വനിതാ കമ്മിഷൻ അധ്യക്ഷയായി കാലാവധി പൂർത്തിയാക്കിയത്

✔ രേഖ ശർമ്മ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999